## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 333** **28.01.2019 -ൽ മറുപടിക്ക്.**

**ഭക്ഷ്യ ഭദ്രതാ നിയമം പൊതു വിതരണ സമ്പ്രദായത്തിൽ വരുത്തിയ മാറ്റങ്ങൾ**

| ചോദ്യം<br>**ശ്രീ.അട്ടൂർ പ്രകാശ് :** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| **(എ)** ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടാക്കിയത്; വിശദമാക്കാമോ; | **(എ)** • ഭക്ഷ്യധാന്യ വിട്ടെടുക്കലും, വിതരണവും പൂർണ്ണമായി സർക്കാർ നിയന്ത്രണത്തിലാക്കി.<br>• വാതിൽപ്പടി വിതരണം ആരംഭിച്ചു. പൊതുവിതരണം ഇ-പോസ് വഴി നടന്നുവരുന്നു. പ്രതിമാസ റേഷൻ വിഹിതം എല്ലാ കാർഡുടമകളേയും എസ്.എം.എസ്. വഴി അറിയിക്കുന്നു. കൂടുതൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പു വരുത്തി. കൂടാതെ റേഷൻ കടകളെ കൂടുതൽ ആകർഷണ സ്ഥലങ്ങളാക്കുന്നതിനുള്ള വൈവിദ്ധ്യവൽക്കരണ പദ്ധതി ആരംഭിച്ചു. |
| (ബി) ഇതിലൂടെ പൊതു വിതരണ സമ്പ്രദായം അഴിമതി മുക്തമാക്കുന്നതിനും സുതാര്യ മാക്കുന്നതിനും സാധിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| **(സി)** സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽക്കുന്ന സബ്സിഡിയേതര/നോൺ മാവേലി സാധനങ്ങൾ തെരഞ്ഞെടുത്ത റേഷൻ കടകൾ വഴി വിൽക്കുന്ന പദ്ധതി വിജയപ്രദമാണോ;<br>**(ഡി)** എങ്കിൽ കൂടുതൽ റേഷൻ കടകളിലേക്ക് ഇത് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ? | **(സി) യും (ഡി) യും** പരിശോധിച്ചു വരുന്നു. |

*സെക്ഷൻ ഓഫീസർ*